STARRED QUESTIONS POSTED FOR ANSWER ON 25-3-1955.

ടൈം സ്കെയിൽ.

* 663. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പി. എസ്സ്. പി. ഗവണ്മെന്റ് നടപ്പിലാക്കിയ ടൈം സ്കെയിൽ പുനഃപരിശോധന ചെയ്യാൻ ഈ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനകം ടൈംസ്കെയിലിൽ ഏതെങ്കിലും വിഭാഗങ്ങൾക്കുവേണ്ടി മാറ്റങ്ങൾക്ക് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് ;

(ഡി) ഏതെങ്കിലും വിഭാഗത്തിനു കുറവു വരുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ടൈംസ്കെയിൽ പദ്ധതിയെ പരിശോധിച്ച് ആവശ്യമെന്നു തോന്നുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഒരു പ്രത്യേക കമ്മിഷനെ നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഗ്രാഡുവേറ്റ് ടീച്ചേഴ്സ്, വില്ലേജ് ആഫീസർമാർ, വില്ലേജ് അസിസ്റ്റന്റുമാർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ രണ്ടാം ഗ്രേഡ് നേഴ്സുകൾ.

(ഡി) ഉണ്ട്. ഇപ്പോൾ Rs. 30–3–45 ശമ്പള സ്കെയിലിലുള്ള രണ്ടാം ഗ്രേഡ് നേഴ്സുകൾക്ക്. ആദ്യം നിശ്ചയിച്ചിരുന്ന 40–100 എന്ന സ്കെയിൽ 35–80 ആയി മാറ്റിയിട്ടുണ്ട്.

പബ്ലിക് വർക്കുകൾ.

* 664. [31] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1954–55-ൽ പബ്ലിക് വർക്കുകൾക്കായി അനുവദിച്ച തുക എന്തു ; ചെലവായതെത്ര ;

(ബി) പണി നടക്കാതെ വല്ല തുകയും ലാപ്സായിപ്പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) അനുവദിച്ച തുക 4,04,72,400 ക. 1955 ജനുവരി അവസാനംവരെ ചെലവായ തുക 1,98,83,831 ക.

(ബി) ഈ സാമ്പത്തികവർഷം ഇനിയും അവസാനിച്ചിട്ടില്ലാത്തതിനാൽ മറുപടി പറയാൻ നിവർത്തിയില്ല.

(സി) ബി വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly